# പ്രവാചകൻ കാണിച്ചുതന്ന പാത

ലേഖനം ● സ്വാമി ലക്ഷ്മി ശങ്കരാചാര്യ

**മനുഷ്യൻ** വളർച്ചയുടെ പാതയിലൂടെ മുന്നേറവെ ഭൗതിക സുഖങ്ങൾ നേടാനുള്ള അവന്റെ ആഗ്രഹം പെരുകിവന്നു. ഈ ആസക്തി അവനെ വഴിതെറ്റിക്കാൻ കാരണമായി ഭവിച്ചു. അങ്ങനെ അവൻ സത്യത്തിന്റെ പാതയിൽനിന്ന് അസത്യത്തിലേക്കും വെളിച്ചത്തിൽനിന്ന് ഇരുട്ടിലേക്കും ചുവട് മാറ്റാൻ തുടങ്ങി. ജനന മരണങ്ങളൊന്നുമില്ലാത്ത സർവശക്ത ഈശ്വരനെ വെടിഞ്ഞ് അവൻ മുന്നേറാൻ തുടങ്ങി. മതത്തെ വ്യവസായമാക്കുന്നവർ, മന്ത്രവാദികൾ, വിഗ്രഹാരാധകർ എന്നിവരോടൊപ്പം അവൻ യാത്ര തുടർന്നു.

ലോകത്തെങ്ങും അസത്യത്തിന്റെ അധീശത്വമായി. ഓരോ സമൂഹവും ഗോത്രവും സ്വന്തം ദേവന്മാരെ സൃഷ്ടിക്കുകയായിരുന്നു. ചിലർ സ്വയം ദേവനോ അവതാരമോ ആണെന്ന് പറയാൻ മുന്നോട്ടുവന്നു. ചിലർ മറ്റുള്ളവരെ ദേവനോ അവതാരമോ ആയി കരുതാൻ തുടങ്ങി (ചിലർ ദൈവ വേഷത്തിൽതന്നെ രംഗത്തുവന്നു). ചിലർ മറ്റുള്ളവരെ ഈശ്വര പുത്രനെന്ന് പറയാൻ തുടങ്ങി.

ഈ അജ്ഞതയും വിവരദോഷവും വഴിതെറ്റലിന് ഹേതുവായി. ഈയൊരു സാഹചര്യത്തിൽ ജനങ്ങളെ അസത്യത്തിന്റെ പാതയിൽനിന്ന് സത്യത്തിന്റെ പാതയിലേക്കും ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്കും എത്തിക്കാൻ സർവേശ്വരൻ അല്ലെങ്കിൽ അല്ലാഹു മുഹമ്മദി(സ)നെ തന്റെ സന്ദേശവാഹകൻ അല്ലെങ്കിൽ ദൂതനായി നിയോഗിച്ചു.

മുഹമ്മദിനെ അറേബ്യക്കാർക്ക് മാത്രമായോ മുസ്‌ലിംകൾക്ക് മാത്രമായോ ഉള്ള ദൂതനായല്ല നിയോഗിച്ചിരുന്നത്. പ്രപഞ്ചത്തിനാകെ അല്ലെങ്കിൽ മാനവരാശിക്കാകെയുള്ള ദൂതനായാണ് അയച്ചത്. സൂറ ഏഴ് 158-ാം ആയത്തിൽ ഇങ്ങനെ പ്രതിപാദിക്കുന്നു: 'മാനവരേ, നിങ്ങൾക്കേവർക്കുമായി അല്ലാഹുവാൽ നിയോഗിക്കപ്പെട്ട റസൂലാണ് ഞാൻ. അല്ലാഹു ആകാശത്തിന്റെയും ഭൂമിയുടെയും അധിപനാണ്. അല്ലാഹുവല്ലാതെ മറ്റാരും വന്ദ്യനല്ല. അല്ലാഹുവാണ് ജീവൻ നൽകുന്നത്. അവൻ തന്നെയാണ് മരണവും നൽകുന്നത്. അല്ലാഹുവിന്റെയും റസൂലിന്റെയും അഭിലാഷ-നിർദേശങ്ങളാണ് അനുസരിക്കേണ്ടത്. വിശ്വാസത്തിലൂടെയും അനുസരണത്തിലൂടെയുമാണ് സന്മാർഗം ലഭിക്കുന്നത്.'

മക്കയിൽ അസത്യവും അധർമവും അനീതിയും കൊടുമ്പിരികൊണ്ട കാലമായിരുന്നു അത്. കറുത്തവർ, വെളുത്തവർ, സമ്പന്നർ, ദരിദ്രർ എന്നീ വിഭാഗങ്ങൾ തമ്മിൽ വലിയ അന്തരമുണ്ടായിരുന്നു. കറുത്തവരായിരുന്ന അടിമകൾക്ക് ഏറെ അത്യാചാരങ്ങൾ സഹിക്കേണ്ടിവന്നു. പാവപ്പെട്ടവർക്ക് പണം കടം കൊടുത്ത് സമ്പന്നർ കൊള്ളപ്പലിശ ഈടാക്കിയിരുന്നു. ചൂതാട്ടത്തിലും മദ്യത്തിലും ജനങ്ങൾ ആനന്ദം തേടിയിരുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിയെയും ഒരു ഗോത്രം വേറൊരു ഗോത്രത്തെയും പോരാട്ടത്തിലൂടെ കീഴ്പ്പെടുത്തിവെച്ചിരുന്നു. അത്തരം സങ്കീർണമായ സാഹചര്യത്തിലാണ് സർവേശ്വരൻ അഥവാ അല്ലാഹു സത്യത്തിന്റെയും മാനവികതയുടെയും സന്ദേശവുമായി മുഹമ്മദിനെ തന്റെ റസൂലായി നിയോഗിച്ചത്. എന്നാൽ അക്കാലത്തെ മക്കയിലെ ഖുറൈശികൾ സ്വാർഥത്തിലും അഹങ്കാരത്തിലും മുഴുകിക്കഴിയുകയായിരുന്നു. സ്വാർഥവും അഹങ്കാരവും കൂടിയാൽ ബുദ്ധിയും വിവേകവും നഷ്ടപ്പെടും. അത്തരമൊരു സ്ഥിതി വന്നാൽ വ്യക്തിക്ക് നന്മയും തിന്മയും സത്യവും അസത്യവും തമ്മിലുള്ള അന്തരം തിരിച്ചറിയാനാവില്ല. ഈ അവസ്ഥയിലെത്തിയ മക്കയിലെ ഖുറൈശികൾക്ക് മുഹമ്മദിന്റെ സന്ദേശത്തിലടങ്ങിയ സത്യവും മാനവികതയും ഗ്രഹിക്കാനായില്ല. അവരുടെ മനസ്സിൽ ശത്രുതയാണ് നിലനിന്നിരുന്നത്. ഖുർആനിൽ അല്ലാഹു

അഹങ്കാരം അകറ്റാനുള്ള മാർഗം നിർദേശിക്കുന്നുണ്ട്. സൂറ 17, 37-ാം ആയത്തിൽ ഇങ്ങനെ പറയുന്നു: "ഭൂമിയോട് ഇത്ര ഒട്ടിപ്പിടിച്ച് അഹങ്കാരിയായി നടക്കരുത്. നീ ഭൂമിയെ പിളർക്കില്ല. വലുതായിക്കൊണ്ട് നീ കൊടുമുടിയിൽ എത്തുകയുമില്ല."

വളരെ ഖേദകരമായ ഒരു വസ്തുത സൂചിപ്പിക്കട്ടെ. മനുഷ്യത്വത്തിന്റെ മതമായ ഇസ്ലാമിനെ ഇന്ന് ചിലർ ഭീകരവാദവുമായി ബന്ധപ്പെടുത്താൻ ശ്രമിക്കുകയാണ്. ഇസ്ലാമിന്റെ മുൻനിരക്കാരനായിരുന്ന മുഹമ്മദ് നബി തന്റെ ജീവിതകാലമത്രയും ഭീകരപ്രവർത്തനങ്ങൾക്കെതിരെ പോരാട്ടം നടത്തുകയാണ് ചെയ്തത്. ഭീകര പ്രവർത്തനം നടത്തിയ ചെകുത്താൻ ശക്തികൾ നബിക്കു നേരെ കല്ലെറിയുകയും ചെളിയും കുപ്പയും വർഷിക്കുകയും ചെയ്ത് അദ്ദേഹത്തെ അപമാനിക്കുകയായിരുന്നു. നബിയുടെ അനുയായികളെയും അവർ കഠിനമായി ദ്രോഹിക്കുകയുണ്ടായി. അറേബ്യയിലെ ചുട്ടുപൊള്ളുന്ന മണലിൽ വിശപ്പും ദാഹവും ശമിപ്പിക്കാൻ അനുവദിക്കാതെ നഗ്നരാക്കി അവരെ കിടത്തിയിരുന്നു. ഈ ദ്രോഹനടപടികൾ പതിമൂന്ന് വർഷത്തോളം തുടർന്നു. ആ ചുറ്റുപാടിലും അവരാരും ധൈര്യവും മനുഷ്യത്വവും കൈവെടിഞ്ഞില്ല. ഭീകര പ്രവർത്തനത്തിന് അതേ നാണയത്തിൽ ഉത്തരം നൽകാനല്ല അവർ ശ്രമിച്ചതെന്ന് സാരം. നബിക്കും അനുയായികൾക്കും സ്വന്തം നാടായ മക്ക വിട്ട് മദീനയിലേക്ക് പോകേണ്ടിവന്നു. എന്നാൽ മനുഷ്യത്വത്തിന്റെ ശത്രുക്കൾ അവിടെയും അവരെ വെറുതെവിട്ടില്ല.

ഭീകരപ്രവർത്തനം അതിന്റെ അതിരുകൾ ലംഘിക്കുമ്പോൾ യുദ്ധം അനിവാര്യമായിത്തീരുന്നു. അത്തരം ഭീകരപ്രവർത്തനങ്ങൾ എതിർക്കാതിരിക്കുന്നത് പാപമാണ്. ഭഗവദ്ഗീതയിൽ അധ്യായം 2 ശ്ലോകം 33-ൽ ഭഗവാൻ അർജുനന് നൽകുന്ന ഉപദേശം ശ്രദ്ധേയമാണ്.

*അഥ ചേത ത്വമിക്കും ധർമ്യ ന കരിഷ്യസി*
*തതഃ സ്വധർമം കീർത്തി ച ഹിത്വാ പാപ മവാവ്യസ്യസി*

(അല്ലയോ അർജുനാ, നീ ഈ ധർമയുക്തമായ യുദ്ധം ചെയ്യാത്തപക്ഷം ധർമവും യശസ്സും കൈവെടിഞ്ഞ് നിനക്ക് ലഭിക്കുന്നത് പാപമായിരിക്കും). ഇതേ അധ്യായത്തിലെ 37-ാം ശ്ലോകത്തിൽ ഇങ്ങനെ പറയുന്നു:

*ഹതോ വാ പ്രാപ്യസി സ്വർഗ ജിത്വാ വാ ഭോക്ഷ്യ സേ മഹീം*
*തസ്മാദുത്തിഷ്ഠ കൗന്തേയ യുദ്ധായ കൃതനിശ്ചയഃ*

(ഒന്നുകിൽ യുദ്ധത്തിൽ മരിച്ച് സ്വർഗം പ്രാപിക്കും. അല്ലെങ്കിൽ യുദ്ധം ജയിച്ച് ഭൂമിയിലെ സുഖമാസ്വദിക്കും. അതിനാൽ അർജുനാ നീ നിശ്ചയത്തോടെ യുദ്ധത്തിനൊരുങ്ങുക).

മുസ്ലിംകൾക്ക് നേരെ ഭീകരപ്രവർത്തകരായ ചെകുത്താൻ ശക്തികൾ നടത്തിയ അക്രമം അസഹനീയമായ ഘട്ടം വന്നു. ഖുർആൻ മജീദിൽ സൂറ 22, 39-ാം ആയത്ത് ജിഹാദ് അഥവാ ധർമയുദ്ധത്തെക്കുറിച്ച് അല്ലാഹു ഇങ്ങനെ പറയുന്നു: മനുഷ്യർക്കെതിരെ നിരന്തരം യുദ്ധം നടക്കുമ്പോൾ അതായത് അവർ അത്യാചാരത്തിന് വിധേയരാകുമ്പോൾ അവർക്ക് യുദ്ധം ചെയ്യാൻ അനുവാദമുണ്ട്.

യഥാർഥ മതം ഒരിക്കലും ന്യായത്തിന്റെ അതിർ ലംഘിക്കുകയില്ല. അതിനാൽ സത്യത്തിന്റെയും ധർമത്തിന്റെയും അവനവന്റെയും രക്ഷക്കു വേണ്ടി ചെയ്യുന്ന യുദ്ധത്തിൽ പോലും ഇസ്ലാം നീതിയുടെ അകത്ത് നിൽക്കാനാണ് പറയുന്നത്. സൂറ 2, 190-ാം ആയത്തിൽ ഇങ്ങനെ പറയുന്നു: "നിന്നോട് യുദ്ധം ചെയ്യുന്നവരോട് ദൈവമാർഗത്തിൽ ഉറച്ചുനിന്നു വേണം നീ യുദ്ധം ചെയ്യാൻ. ഒന്നും അതിരുവിട്ട് പോകരുത്. അതിക്രമം കാണിക്കുന്നവരെ ദൈവം ഇഷ്ടപ്പെടുന്നില്ല."

അങ്ങനെ നോക്കുമ്പോൾ ഇസ്ലാമിലെ ജിഹാദിന്റെ ഉദ്ദേശ്യം സ്പഷ്ടമാണ്. ധർമം നിലനിൽക്കണം, ശാന്തി പുലരണം എന്നാണതുകൊണ്ട് അർഥമാക്കുന്നത്. ഇന്നത്തെ മീഡിയയും ചില വികലശക്തികളും ദുർവ്യാഖ്യാനിക്കുന്നതുപോലെ അശാന്തി സൃഷ്ടിക്കുകയല്ല ജിഹാദിന്റെ ലക്ഷ്യം.

അസത്യം, അനീതി, അത്യാചാരം, ഭീകര പ്രവർത്തനം എന്നിവയെ എതിർക്കാനും ആത്മരക്ഷക്കുമായി ചെയ്യുന്ന എല്ലാതരം ശ്രമങ്ങളും ജിഹാദിൽ ഉൾപ്പെടുന്നുവെന്നാണ് ഇതിന്റെ ശരിയായ വ്യാഖ്യാനം. സൂറ 3, 140-ാം ആയത്തിൽ പറയുന്നു: "അതിക്രമം നടത്തുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല."

സൂറ 5, 32-ാം ആയത്തിൽ ഇങ്ങനെ വിശദമാക്കുന്നുണ്ട്: കൊലപാതകി, കലാപകാരി എന്നിവർക്ക് കടുത്ത ശിക്ഷ തന്നെ ലഭിക്കും. മറ്റുള്ളവരുടെ കാര്യം ഇങ്ങനെയല്ല. ഒരു നിരപരാധിയെ

വധിക്കുന്നുവെന്നതിനർഥം എല്ലാ മനുഷ്യരെയും വധിക്കുന്നുവെന്നുതന്നെയാണ്. ഒരു നിരപരാധിയെ രക്ഷിക്കുന്നുവെന്നതിനർഥം സകല മനുഷ്യർക്കും ജീവൻ ദാനമായി നൽകിയെന്നുമാണ്.

ഇതിൽനിന്ന് മനസ്സിലാക്കേണ്ട ഒരു വസ്തുതയുണ്ട്. തികച്ചും പ്രതികൂലമായ സാഹചര്യങ്ങളിലൂടെ മുന്നേറുമ്പോഴും മുഹമ്മദ് നബി മാനവികതക്ക് മഹനീയമായൊരു ആദർശമാണ് നൽകിയത്. അതിന് നിരവധി ഉദാഹരണങ്ങൾ നിരത്താൻ സാധിക്കും.

ബദ്ർ എന്ന സ്ഥലത്തുവെച്ച് മനുഷ്യത്വത്തിന്റെ ശത്രുക്കളായ കുറെ അസത്യവാദികളും നബിയും തമ്മിൽ സംഘർഷമുണ്ടായി. അസത്യവാദികൾ ഏകദേശം ആയിരം പേരുണ്ടായിരുന്നു. നബിയുടെ അനുയായികൾ അതായത് മനുഷ്യത്വത്തെ പിന്തുണക്കുന്ന സത്യവാദികൾ 313 പേരാണുണ്ടായിരുന്നത്. എന്നിട്ടും വിജയിച്ചത് സത്യവും തോറ്റത് അസത്യവുമായിരുന്നു. യുദ്ധത്തിലെ 37 കുറ്റവാളികളെ ബന്ദികളാക്കി മദീനയിലേക്ക് കൊണ്ടുവന്നു. അവിടെയുള്ള മസ്ജിദുന്നബവിയിലെ തൂണുകളിൽ അവരെ കെട്ടിയിട്ടു. പാതിരാത്രിയിൽ എഴുന്നേറ്റ് മുഹമ്മദ് നബി വലിയ മനോവിഷമത്തോടെ പള്ളിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഒരനുയായി– സ്വഹാബി– ചോദിച്ചു: അങ്ങ് അൽപം പോലും വിശ്രമിച്ചില്ലല്ലോ. അപ്പോൾ നബി പറഞ്ഞു: ഈ തടവുകാരനുഭവിക്കുന്ന പ്രയാസങ്ങൾ കണ്ട് എനിക്ക് സഹിക്കാനാവുന്നില്ല. അതെന്റെ ഉറക്കംകെടുത്തുന്നു. ഞാനെന്തു ചെയ്യാൻ? അദ്ദേഹത്തിന്റെ ഉത്തരവനുസരിച്ച് തടവുകാരെ ബന്ധിച്ചിരുന്ന കയർ അയച്ചുവിട്ടു. തടവുകാർ ഉറങ്ങിയതിനു ശേഷമാണ് നബി ഉറങ്ങിയത്.

നബിയുടെ ശത്രുക്കളിൽ പ്രധാനിയായിരുന്നു അബൂ സുഫ്യാൻ. ഉഹ്ദ് യുദ്ധത്തിന് നേതൃത്വം നൽകിയത് അയാളായിരുന്നു. ആ യുദ്ധത്തിൽ നബിയുടെ കുറെ അനുയായികൾ രക്തസാക്ഷികളായി. നബിക്കും പരിക്കേറ്റു. ഈ സംഭവം കഴിഞ്ഞ് കുറച്ചു വർഷങ്ങൾക്കു ശേഷമാണ് അദ്ദേഹം മക്കയിൽ വിജയം വരിച്ചത്. അപ്പോൾ അബൂ സുഫ്യാന് മാപ്പ് നൽകിക്കൊണ്ട് നബി(സ) പറഞ്ഞു: "അബൂസുഫിയാനോട് പൊറുത്തിരിക്കുന്നു. നിങ്ങളുടെ വീട്ടിലെത്തിയവരോടും പൊറുത്തിരിക്കുന്നു."

ഒരക്രമി നബിയുടെ മകളെ ഒട്ടകത്തിന്റെ പുറത്ത് നിന്ന് താഴേക്ക് തള്ളിയിടാൻ ശ്രമിച്ചു. മക്കം ഫത്ഹ് നാളിൽ നബി അയാൾക്കും മാപ്പ് അനുവദിച്ചു. മുഹമ്മദ് നബി(സ) അത്രമേൽ ദയാലുവായിരുന്നു.

ഒരിക്കൽ ഒരു ഗ്രാമീണൻ നബി കിടക്കുകയായിരുന്ന പുതപ്പ് ബലമായി വലിച്ചു. ആ വലിയിൽ നബിയുടെ കഴുത്ത് ചുവന്ന് തുടുത്തു. അയാൾ പറഞ്ഞു: "മുഹമ്മദ്, ഈ രണ്ട് ഒട്ടകങ്ങളും എന്റേതാണ്. അവയുടെ പുറത്തിടാൻ എനിക്ക് സാധനങ്ങൾ വേണം. നിങ്ങളുടെ പക്കലുള്ള സാധനങ്ങൾ നിങ്ങളുടേതോ നിങ്ങളുടെ ബാപ്പയുടേതോ അല്ല." ഇത് കേട്ട് നബി പറഞ്ഞു: "സാധനങ്ങളത്രയും അല്ലാഹുവിന്റേതാണ്. ഞാനവന്റെ ഒരു ദാസൻ മാത്രമാണ്." ഇത് കഴിഞ്ഞ് അയാളോട് നബി ചോദിച്ചു: "എന്നോട് പെരുമാറിയവിധത്തിൽ നിങ്ങൾക്ക് വേദന തോന്നുന്നില്ലേ?" അയാൾ മറുപടി പറഞ്ഞു: "ഇല്ല, ഒട്ടുമില്ല. നിങ്ങൾ തിന്മക്ക് മറുപടി തിന്മയിലൂടെ നൽകുന്ന ആളല്ലെന്നും എനിക്കുറപ്പുണ്ട്." ഇത് കേട്ട നബി ചിരിച്ചു. ഒന്നാമത്തെ ഒട്ടകത്തിന്റെ പുറത്ത് കാരക്കയുടെയും രണ്ടാമത്തേതിന്റെ പുറത്ത് ധാന്യത്തിന്റെയും കെട്ടുകൾ വെച്ചു കൊടുത്തു.

ഏറ്റവും പ്രതികൂലമായ ചുറ്റുപാടിലും നബി ധൈര്യത്തോടും വിവേകത്തോടുമാണ് മുന്നേറിയത്. മക്കയിലെ ചുറ്റുപാടുകൾ സങ്കീർണമാണെന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹം ത്വാഇഫിലേക്ക് പോയി. അവിടെയും പ്രതിബന്ധങ്ങൾ വലയം ചെയ്തപ്പോൾ തിരികെ പോകേണ്ടിവന്നു. മക്കയിൽ തിരിച്ചെത്തുമ്പോഴേക്ക് അവിടത്തെ പ്രശ്നങ്ങൾ കൂടുതൽ വഷളായിരുന്നു. അല്ലാഹുവിന്റെ റസൂൽ ഒരു കാര്യം മനസ്സിലാക്കി. മുസ്‌ലിംകൾക്ക് ഇപ്പോഴും തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സ്വന്തം ശേഷി കൊണ്ട് പരിഹരിക്കാനാവുന്നില്ല. അതിനാലവർ മറ്റു മതസ്ഥർക്കിടയിൽ സഹാനുഭൂതിയുള്ളവരെ തേടാൻ തുടങ്ങിയിരിക്കുകയാണ്.

മുസ്‌ലിംകൾക്ക് അനുകൂല സാഹചര്യമുണ്ടാക്കാൻ സാമ്പത്തിക–അധികാര രംഗങ്ങളിൽ ശക്തിയാർജിക്കണമെന്ന് അദ്ദേഹം മനസ്സിലാക്കി. അവ നേടാതെ വളർച്ചയും പുരോഗതിയും സാധ്യമാകില്ല. ഇത് രണ്ടും നേടിയതോടെ മക്കയിൽ വിജയം വരിക്കാനായി. അതോടെ മുസ്‌ലിംകൾ ഓരോ മേഖലയിലും അതിവേഗം മുന്നേറി.

ഒരിക്കൽ നബി പറഞ്ഞു: സ്വന്തം സഹോദരനെ നിങ്ങൾ തുണക്കണം. അയാൾ അക്രമിയായാലും ശരി. ആക്രമണത്തിന് ഇരയായവനായാലും ശരി സഹായിക്കുകതന്നെ വേണം. അപ്പോൾ

ഒരു ചോദ്യം ഉന്നയിക്കപ്പെട്ടു. 'അല്ലാഹുവിന്റെ റസൂലിനോട് ഒരു സംശയം ചോദിച്ചോട്ടേ. ആക്രമണത്തിന് വിധേയനായ ആളെ സഹായിക്കാനാവും. എന്നാൽ ആക്രമണം നടത്തുന്നയാളെ എന്തിനാണ് സഹായിക്കുന്നത്?' നബി(സ)അതിന് ഇങ്ങനെ മറുപടി നൽകി. 'അയാളുടെ കൈ പിടിക്കണം. അക്രമം ചെയ്യാതിരിക്കാൻ വേണ്ടിയാണങ്ങനെ ചെയ്യുന്നത്?' അക്രമിയുടെ അതായത് ഭീകര പ്രവർത്തനം നടത്തുന്നവന്റെ കൈ പിടിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ ഇസ്‌ലാമിൽ അതും പറയുന്നുണ്ട്.

ഒരിക്കൽ ഒരു മാന്യൻ വന്ന് വലിയ ഉത്സാഹത്തോടെ നബിയോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലിനോട് ഒരു കാര്യം അഭ്യർഥിക്കട്ടെ. കാഫിറുകൾക്ക് എതിരായി അങ്ങ് അല്ലാഹുവിനോട് പ്രാർഥിക്കണം. അവരെ ശപിക്കണം.' വിവേകത്തിന്റെ പാഠമുൾക്കൊണ്ട് നബി(സ) അതിന് മറുപടി നൽകി: "എന്നെ ഈ ലോകത്തിലേക്ക് അയച്ചിരിക്കുന്നത് ദയ കാണിക്കാനാണ്. ആരെയെങ്കിലും ശപിക്കാൻ വേണ്ടിയല്ല."

നബി(സ) ഒരിക്കൽ ഇങ്ങനെ അരുളിച്ചെയ്തതായി ആഇശ(റ) വെളിപ്പെടുത്തിയിട്ടുണ്ട്. "അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും നീചൻ സദാ കലഹിക്കുകയും ബഹളം ഉണ്ടാക്കുകയും ചെയ്യുന്ന വ്യക്തിയായിരിക്കും."

ഒരിക്കൽ നബി ഇങ്ങനെ പറയുകയുണ്ടായി. "അല്ലാഹുവാണ സത്യം. ഒരാളുടെ തിന്മ കാരണം അയൽക്കാരന്റെ ജീവിതത്തിന്റെ ഭദ്രത നഷ്ടപ്പെട്ടാൽ ആ തിന്മ പ്രവർത്തിച്ചവൻ അവിശ്വാസിയായിരിക്കും."

ഒരവസരത്തിൽ ഒരു മാന്യൻ നബിയോട് ചോദിച്ചു: വിശക്കുന്നവന് ആഹാരം കൊടുക്കണം. പരിചിതനെയും അപരിചിതനെയും വന്ദിക്കണം. ഇസ്‌ലാമിൽ ഇതിൽ ഏതാണ് ശരി?

ഇതിന് ഉത്തരം പറയാൻ നബിതിരുമേനി പിടികിട്ടാത്ത തത്ത്വശാസ്ത്രത്തിന്റെ സഹായം തേടുകയല്ല ചെയ്തത്. മനുഷ്യ നന്മക്ക് ഊന്നൽ കൊടുത്തുകൊണ്ട് ലഘുവും പ്രായോഗികവുമായ മികച്ച ഉത്തരമാണ് നൽകിയത്. ഇങ്ങനെയുള്ളൊരു ഉത്തരം നൽകാൻ അല്ലാഹുവിന്റെ റസൂലിന് മാത്രമേ സാധിക്കുകയുള്ളൂ.

"വിശക്കുന്നവന് അന്നം നൽകുന്നതാണ് മനുഷ്യത്വത്തിന്റെ ഉന്നതമായ രൂപം. പരിചിതരെയും അപരിചിതരെയും വന്ദിക്കുമ്പോൾ സമൂഹത്തിൽ സ്നേഹവും സാഹോദര്യവും പുലരും."

മഹാത്മാക്കളുടെ വാക്കും പ്രവൃത്തിയും സാധാരണ ജനങ്ങൾക്ക് വഴികാട്ടിയാകും. മാനവികതക്ക് അതിൽനിന്ന് നല്ല സന്ദേശം ലഭിക്കും. ഭഗവത്ഗീതയുടെ മൂന്നാം അധ്യായത്തിലെ 21-ാം ശ്ലോകത്തിൽ ഇങ്ങനെ പറയുന്നു:

*യദ്യത ചരതി ശ്രേഷ്ഠസ്ത ദേവേതരോ ജനഃ*
*സ യദ്പ്രമാണം കുരുതേ ലോകസ്ത ദനുവർത്തതേ*

(ശ്രേഷ്ഠ പുരുഷന്മാരുടെ ആചരണം മറ്റുള്ളവരും പകർത്തുന്നു. അവർ കാണിച്ചുതരുന്ന വഴിയിലൂടെ സമസ്ത മാനവിക സമൂഹവും മുന്നേറാൻ തുടങ്ങുന്നു). അല്ലാഹുവിന്റെ റസൂൽ മുഹമ്മദ് (സ) അത്തരം ഒരു ശ്രേഷ്ഠ പുരുഷനായിരുന്നു. അദ്ദേഹം കാണിച്ചുതന്ന വഴി നാം സ്വീകരിക്കണം.

മുഹമ്മദ് നബി(സ) കാണിച്ചുതന്ന മാർഗത്തിലൂടെ മുസ്‌ലിംകൾ മാത്രമല്ല മാനവരാശിക്കാകെ മുന്നേറാൻ കഴിയേണ്ടതാണ്. മാനവരാശിയുടെ സകല പ്രശ്നങ്ങളും അതിലൂടെ പരിഹരിക്കാനാകും. ■

**വിവ: ഡോ. ആർസു**